പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4299 26/06/2014 ൽ മറുപടിയ്ക്ക്

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സ് മുറികളിലെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ, ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) ആയത് പരിഹരിക്കുവാൻ സർക്കാർ ഹയർ സെക്കണ്ടറി/ വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ഫണ്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഗവഃ സ്കൂളുകളുടെ സൗകര്യം മെച്ചപ്പെടുത്തുവാൻ എസ്.എസ്.എ, ആർ.എം.എസ്.എ, ത്രിതല പഞ്ചായത്തുകൾ, എം.എൽ.എ/ എം.പി ഫണ്ട്, പി.റ്റി.എ എന്നിവ ഉപയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഹൈസ്കൂൾ വിഭാഗത്തിന് നിർമ്മിച്ച കെട്ടിടങ്ങളിലാണ് ഭൂരിഭാഗം ഹയർ സെക്കണ്ടറി ക്ലാസ്സുകളും പ്രവർത്തിക്കുന്നത്. ഇതുകൊണ്ടുള്ള അസൗകര്യം പരിഹരിക്കുന്നതിന് 2013-14 സാമ്പത്തിക വർഷം 39 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി. 2014-15 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 61 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണം, ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങി നൽകൽ ഇതിൽ ലക്ഷ്യമിടുന്നു. എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ഒരു ക്ലാസ്സ് മുറിയിൽ ഏറ്റവുംകുറഞ്ഞത് മൂന്ന് ഫാനുകളെങ്കിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| ഡി) | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുടിവെള്ളം, മൂത്രപ്പുര എന്നിവയുടെ ശുചിത്വം യഥാസമയങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയത് കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ ? | (ഡി) | സ്കൂൾ അധികാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ